**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4241** **18-03-2025 - ൽ മറുപടിയ്ക്ക്**

**അരുവിക്കര മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | അരുവിക്കര മണ്ഡലത്തിൽ കിഫ്ബി പദ്ധതി പ്രകാരം അനുവദിച്ച ചൂണ്ടുപലക - നെയ്യാർഡാം റോഡ് വികസനം, കുറ്റിച്ചൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിട നിർമ്മാണം എന്നീ പദ്ധതികളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ? | (എ) | **തിരുവനന്തപുരം-നെയ്യാർഡാം റോഡ്**<br><br>ചൂണ്ടുപലക മുതൽ നെയ്യാർഡാം വരെയുള്ള 8.32 കി.മീ റോഡ് പ്രവൃത്തിക്ക് 58.93 കോടി രൂപയുടെ സാമ്പത്തികാനുമതി 16.09.2019-ൽ കിഫ്ബി നൽകിയിട്ടുണ്ട്. കെ.ആർ.എഫ്.ബി യാണ് പ്രസ്തുത പ്രവൃത്തിയുടെ നിർവഹണ ഏജൻസി. ജല സേചന വകുപ്പിന്റെ പ്രവൃത്തി മൂലം പദ്ധതി ആരംഭിക്കുന്നത് വൈകും എന്നതിനാൽ 02-06-2022 ലെ കിഫ്ബി ഉത്തരവ് പ്രകാരം ധനാനുമതി തുകയിൽ നിന്നും 3.5 കോടി രൂപ ഉപയോഗിച്ച് ഡെപ്പോസിറ്റ് വർക്കായി പ്രസ്തുത സ്ട്രെച്ചിൽ കെ.ആർ.എഫ്.ബി. BC ഓവർലേ ചെയ്തിട്ടുണ്ട്.<br><br>പ്രസ്തുത പ്രവൃത്തിയുടെ ഭൂമി ഏറ്റെടുക്കലിന് 6(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചതിന്റെ അടിസ്ഥാനത്തിൽ അലൈൻമെന്റ് പ്രകാരം നിലവിൽ അതിർത്തികല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നനത്തായി കെ.ആർ.എഫ്.ബി യിൽ നിന്നും അറിയിച്ചിട്ടുണ്ട്.<br><br>**ii) കുറ്റിച്ചൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ നിർമ്മാണം**<br><br>പട്ടികവർഗ്ഗ വകുപ്പിന് കീഴിൽ വരുന്ന കുറ്റിച്ചൽ മോഡൽ റെസിഡെൻഷ്യൽ സ്കൂളിനു 02-06-2020 നു 30 കോടി രൂപയുടെ പുതുക്കിയ ധനാനുമതി കിഫ്ബി അനുവദിച്ചിട്ടുണ്ട്. ടി പ്രവൃത്തിയ്ക്ക് കരാർ നൽകിയിരുന്നു. എന്നാൽ പ്രവൃത്തിക്കായി നിശ്ചയിച്ച സ്ഥലം വന്യ മൃഗങ്ങളുടെ ആക്രമണത്തിന് സാധ്യതയുള്ള സ്ഥലമായതിനാൽ കോടതി ഉത്തരവിനെത്തുടർന്ന് ഭരണ വകുപ്പിന് ടി പ്രവൃത്തിയുടെ കരാർ അവസാനിപ്പിക്കേണ്ടി വന്നു. പ്രസ്തുത പ്രവൃത്തിക്കായി പാങ്കാവിൽ പുതിയ സ്ഥലം അനുവദിക്കുകയും |

| | | | |
|---|---|---|---|
| | | | ആയതിന്റെ സർവേ ജോലികൾ പൂർത്തിയാക്കുകയും ചെയ്തു. മണ്ണ് പരിശോധന, ഡിസൈൻ എന്നിവ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ